"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം - കണ്ണൂർ ജില്ലാ കളക്ടറുടെ ഉത്തരവിനെതിരെ ശ്രീമതി ലൂസി എം. സമർപ്പിച്ച റിവിഷൻ ഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (എൻ.സി.എ) വകുപ്പ്**

**സ.ഉ.(സാധാ) നം.938/2024/AGRI തീയതി,തിരുവനന്തപുരം, 04-10-2024**

---

പരാമർശം:- 1. കണ്ണൂർ ജില്ലാ കളക്ടറുടെ 29.11.2022-ലെ DCKNR/9500/2022-L5 നമ്പർ നടപടിക്രമം.

2 ശ്രീമതി ലൂസി എം. സമർപ്പിച്ച 03.01.2023-ലെ റിവിഷൻ ഹർജി.

3. കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ 13.10.2023-ലെ ADFW/PAO/KNR/1484/2023-TB(3) നമ്പർ റിപ്പോർട്ട്.

4. കണ്ണൂർ ജില്ലാ കളക്ടറുടെ 22.08.2024-ലെ DCKNR/9500/2022-L5 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

കണ്ണൂർ ജില്ലയിൽ കണ്ണപുരം അംശം ദേശത്ത് റീ.സ.38/1, 38/2 എന്നിവയിൽപ്പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ ശ്രീമതി ലൂസി എം. എന്നവരുടെ കൈവശമുള്ള 4 ആർ സ്ഥലത്ത് അനധികൃതമായി മണ്ണിട്ട് നികത്തി പരിവർത്തനപ്പെടുത്തിയത് പൂർവ്വസ്ഥിതിയിലാക്കുന്നതിന് 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 13 പ്രകാരം കണ്ണൂർ ജില്ലാ കളക്ടർ പുറപ്പെടുവിച്ച പരാമർശം (1) നടപടിക്രമത്തിനെതിരെ ശ്രീമതി ലൂസി എം. പരാമർശം (2) പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിക്കുകയുണ്ടായി.

2. പ്രസ്തുത റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി 24.09.2024-ന് ഓൺലൈൻ മുഖാന്തിരം ഹിയറിംഗ് നടത്തി. പ്രസ്തുത ഹിയറിംഗിൽ പങ്കെടുത്തവർ ചുവടെ ചേർക്കും പ്രകാരം കാര്യങ്ങൾ ബോധിപ്പിച്ചു.

(i) ഹർജിക്കാരിക്കുവേണ്ടി ഹാജരായ ശ്രീ.മുരളീധരൻ:

"കണ്ണപുരം വില്ലേജ് കണ്ണപുരം അംശം ദേശത്ത് റീ. സ. 38/1, 38/2 ൽ ഉൾപ്പെട്ട 4 ആർ ഭൂമി 2022-ൽ ശ്രീമതി ലൂസിയുടെ വീട്ടിലേയ്ക്കുള്ള വഴി സൗകര്യത്തിനു വേണ്ടിയാണ് വാങ്ങിയത്. മേൽ സ്ഥലത്ത് കൃഷി ഒന്നും ഇല്ലാത്തതും കാട് പിടിച്ചുകിടന്നതും വേസ്റ്റുകൾ നിക്ഷേപിച്ചിരുന്ന സ്ഥലവുമായിരുന്നു. ഈ വസ്തുവിന്റെ മൂന്ന് വശത്തും വീടുകൾ ഉള്ളതും ഒരു വശത്ത് പഞ്ചായത്ത് റോഡ് ഉള്ളതുമാണ്. 35 വർഷമായി യാതൊരു കൃഷിയും നടത്താത്ത സ്ഥലമാണെന്ന് വില്ലേജ്

ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. മഴ സമയത്ത് ഈ സ്ഥലത്ത് വെള്ളം കെട്ടിനിന്ന് കൊതുക് ശല്യമുള്ളതാണ്. 65 വർഷത്തിലധികമായി ഈ സ്ഥലത്ത് താമസിക്കുന്നു. സ്വന്തം വീട്ടിലേയ്ക്കുള്ള വഴിയ്ക്കുവേണ്ടിയാണ് ഈ സ്ഥലം വാങ്ങിയത്. വ്യക്തിവൈരാഗ്യം മൂലമാണ് ശ്രീമതി.വൽസല എന്നവർ മേൽ സ്ഥലത്ത് അനധികൃതമായി മണ്ണ് നിക്ഷേപിച്ചതായി പരാതി നൽകിയിട്ടുള്ളത്. വസ്തു വാങ്ങിയതിനുശേഷം ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി ഫോം.5-ൽ ആർ.ഡി.ഒ.യ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. സ്വന്തം വീട്ടിലേയ്ക്ക് പോകുന്നതിനുള്ള വഴി സൗകര്യത്തിനായി വാങ്ങിയ കണ്ണപുരം അംശം ദേശത്ത് റീ.സ. 38/1, 38/2 ൽ ഉൾപ്പെട്ട 4 ആർ ഭൂമി ഡാറ്റാ ബാങ്കിൽ നിന്നും ഒഴിവാക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിച്ച് മേൽ ഭൂമി ഡാറ്റാബാങ്കിൽ നിന്നും ഒഴിവാക്കി നൽകണം."

(ii) ജില്ലാ കളക്ടർക്കു വേണ്ടി ഹാജരായ ജൂനിയർ സൂപ്രണ്ട്:

"കണ്ണപുരം വില്ലേജ് കണ്ണപുരം അംശം ദേശത്ത് റീ.സ. 38/1, 38/2 ൽ ഉൾപ്പെട്ട 4 ആർ ഭൂമി വയലായി കിടന്നിരുന്നതും 2018-നു ശേഷമാണ് മതിൽ കെട്ടി മണ്ണിട്ട് നികത്തിയിട്ടുള്ളത്. ഇപ്പോൾ ഈ സ്ഥലത്ത് ഒരു വർഷം പ്രായമായ 11 തെങ്ങിൻ തൈകൾ, 25 വാഴ എന്നിവ നട്ടിട്ടുള്ളതും, മേൽ വസ്തു അനധികൃതമായി മണ്ണിട്ട് നികത്തി പരിവർത്തനപ്പെടുത്തിയതിന്മേൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, സെക്ഷൻ 13 പ്രകാരം നടപടി സ്വീകരിക്കണമെന്ന തളിപ്പറമ്പ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 16/08/2022-ലെ റിപ്പോർട്ട് പ്രകാരം ഹിയറിംഗ് നടത്തുകയും മേൽ സ്ഥലം കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണെന്ന് എൽ.എൽ.എം.സി. കൺവീനർ കൂടിയായ കൃഷി ഓഫീസർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിലും കക്ഷികളെ നേരിൽ കേട്ടതിൽ നിന്നും അനുബന്ധ രേഖകൾ പരിശോധിച്ചതിൽ നിന്നുമാണ് കണ്ണപുരം വില്ലേജ് കണ്ണപുരം അംശം ദേശത്ത് റീ.സ. 38/1, 38/2 എന്നിവയിൽപ്പെട്ട ശ്രീമതി ലൂസി എം. എന്നവരുടെ കൈവശമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട 4 ആർ സ്ഥലത്ത് അനധികൃതമായി മണ്ണിട്ട് നികത്തിയത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008, സെക്ഷൻ 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്നതിന് 29/22/2022-ൽ ഉത്തരവായിട്ടുള്ളത്."

(iii) കണ്ണൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ:

"കണ്ണൂർ താലൂക്കിൽ കണ്ണപുരം വില്ലേജിൽ കണ്ണപുരം അംശം ദേശം ശ്രീമതി ലൂസിയുടെ ഉടമസ്ഥതയിലുള്ള റീ.സ.നം.38/109 (38/1, 38/2) ൽപെട്ട സ്ഥലം 2008 ന് ശേഷം പരിവർത്തനപ്പെടുത്തിയതാണെന്ന് പ്രാദേശികതല നിരീക്ഷണ സമിതിയുടെ പ്രാഥമിക അന്വേഷണ പ്രകാരവും ഗൂഗിൾ എർത്ത് സാറ്റലൈറ്റ് മാപ്പ് പരിശോധിച്ചതിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2008-ന് ശേഷം അനധികൃതമായി പരിവർത്തനപ്പടുത്തിയ ഭൂമി പൂർവ്വസ്ഥിതി യിലാക്കുന്നതിന് ബഹു. ജില്ലാകളക്ടർ പുറപ്പെടുവിച്ച ഉത്തരവ് നിലവിലുണ്ട്. ടി വസ്തുതകൾ കണക്കിലെടുത്താണ് കണ്ണപുരം വില്ലജിൽ കണ്ണപുരം അംശം ദേശം ശ്രീമതി ലൂസിയുടെ ഉടസ്ഥതയിലുള്ള റീ.സർവേ നം.38/109 (38/1, 38/2) ൽപെട്ട 4.199 സെന്റ് സ്ഥലം ഡാറ്റാ ബാങ്കിൽ നിന്നും നീക്കം ചെയ്യേണ്ടതില്ലായെന്ന് 14.12.2022-ന് ചേർന്ന പ്രാദേശികതല നിരീക്ഷണ സമിതി യോഗത്തിൽ തീരുമാനിക്കുകയും ചെയ്തിട്ടുള്ളത്."

3. പ്രസ്തുത റിവിഷൻ ഹർജിയിന്മേൽ പരാമർശം (4) പ്രകാരം ജില്ലാ കളക്ടർ ചുവടെ ചേർക്കും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്:

"കണ്ണപുരം വില്ലേജ് കണ്ണപുരം അംശം ദേശത്ത് റീ.സ. 38/1 38/2 എന്നിവയിൽ ശ്രീമതി ലൂസി എം. എന്നവരുടെ ഡാറ്റാ ബാങ്കിൽപ്പെട്ട 4 ആർ അനധികൃതമായി മണ്ണിട്ട് നികത്തി പരിവർത്തനപ്പെടുത്തിയതിന്മേൽ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ 13 പ്രകാരം നടപടി സ്വീകരിക്കുന്നതിനായി, തളിപ്പറമ്പ റവന്യൂ ഡിവിഷണൽ ഓഫീസറുടെ 16/08/2022-ലെ RDOTLB/5756/2022 നമ്പർ റിപ്പോർട്ട് പ്രകാരം ഈ കാര്യാലയത്തിൽ റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 27/10/2022-ന് ജില്ലാ കളക്ടർക്കുവേണ്ടി ഡെപ്യൂട്ടി കളക്ടർ (ഡി.എം.) കക്ഷികളെ നേരിൽ കേൾക്കാൻ തീരുമാനിക്കുകയും പ്രസ്തുത ദിവസം ഹാജരാകാൻ കണ്ണപുരം വില്ലേജ് ഓഫീസർക്കും കൃഷി ഓഫീസർക്കും ഭൂ ഉടമയായ ശ്രീമതി ലൂസി എം. എന്നവർക്കും നോട്ടീസ് നൽകുകയും തുടർന്ന് 27/10/2022 ന് ഡെപ്യൂട്ടി കളക്ടർ (ഡി.എം.) മുമ്പാകെ ഹാജരാകുകയും മൊഴി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത സ്ഥലം വർഷങ്ങളായി കൃഷി ചെയ്യാത്ത സ്ഥലമാണെന്നും വീട്ടിലേയ്ക്കുള്ള വഴിയ്ക്ക് വേണ്ടിയാണ് നികത്തിയതെന്നുമാണ് ശ്രീമതി ലൂസി എം. എന്നവർ മൊഴി നൽകിയിട്ടുള്ളത്. എന്നാൽ പ്രസ്തുത സ്ഥലം 2018 ന് ശേഷമാണ് മതിൽകെട്ടി മണ്ണിട്ട് നികത്തിയതെന്നും അതിന് മുമ്പ് വയലാണെന്നും അപ്പോൾ അവിടെ ഏകദേശം ഒരു വർഷം പ്രയമായ 11 തെങ്ങിൻ തൈകൾ, 25 വാഴ എന്നിവ നട്ടിട്ടുണ്ടെന്നും പ്രസ്തുത സ്ഥലം കണ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിദ്ധീകരിച്ച ഡാറ്റാബാങ്കിൽ ഉൾപ്പെട്ട ഭൂമിയാണെന്നും എൽ.എൽ.എം.സി. കൺവീനറായ കണ്ണപുരം കൃഷി ഓഫീസർ റിപ്പോർട്ട് സമർപ്പിച്ചിരുന്നത്. മേൽ വിഷയത്തിൽ കക്ഷികളെ നേരിൽ കേട്ടതിൽ നിന്നും അനുബന്ധ രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രസ്തുത പരിവർത്തനം കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ 3-ന്റെ പ്രത്യക്ഷമായ ലംഘനമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലായിരുന്നു കണ്ണപുരം വില്ലേജ് കണ്ണപുരം അംശം ദേശത്ത് റീ.സ. 38/1, 38/2 എന്നിവയിൽ ശ്രീമതി ലൂസി എം. എന്നവരുടെ കൈവശമുള്ള ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ട 4 ആർ സ്ഥലത്ത് അനധികൃതമായി മണ്ണിട്ട് നികത്തിയത് കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 സെക്ഷൻ 13 പ്രകാരം പൂർവ്വസ്ഥിതിയിലാക്കുന്നതിന് 29/11/2022-ൽ ഉത്തരവായിട്ടുള്ളത്."

4. മേൽ റിപ്പോർട്ടുകളുടെയും ഹിയറിംഗ് വേളയിൽ ഉന്നയിക്കപ്പെട്ട വാദഗതികളുടേയും അടിസ്ഥാനത്തിൽ റിവിഷൻ ഹർജി സർക്കാർ വിശദമായി പരിശോധിച്ചു. കണ്ണൂർ ജില്ലയിൽ കണ്ണപുരം അംശം ദേശത്ത് റീ.സ.38/1, 38/2 എന്നിവയിൽപ്പെട്ടതും ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടതുമായ ശ്രീമതി ലൂസി എം. എന്നവരുടെ കൈവശമുള്ള 4 ആർ ഭൂമി 2008-ന് ശേഷമാണ് തരംമാറ്റിയതെന്ന് ബോധ്യപ്പെട്ടതിനാൽ അനധികൃതമായി മണ്ണിട്ട് നികത്തിയത് പൂർവ്വസ്ഥിതിയിലാക്കണമെന്ന 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം, സെക്ഷൻ 13 പ്രകാരമുള്ള കണ്ണൂർ ജില്ലാ കളക്ടറുടെ പരാമർശം (1) ഉത്തരവ് ശരിവച്ചും, അപേക്ഷാ ഭൂമിയുടെ തരം മാറ്റത്തിനായി ഹർജിക്കാരി സമർപ്പിച്ചതായി പറയുന്ന 12/12/2022-ലെ ഫോം.5 അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് വില്ലേജ് ഓഫീസറുടെയും കൃഷി ഓഫീസറുടേയും

റിപ്പോർട്ട് കൂടി പരിശോധിച്ച ശേഷം ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർക്ക് നിർദ്ദേശം നൽകിയും, അപ്രകാരം കണ്ണൂർ, കീഴാറ, വള്ളുവൻകടവ്, വട്ടിത്താൻവളപ്പിൽ ശ്രീമതി ലൂസി എം. സർക്കാരിൽ സമർപ്പിച്ച പരാമർശം (2) റിവിഷൻ ഹർജി തീർപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ബാലഗോപാൽ കെ കെ

അഡിഷണൽ സെക്രട്ടറി

1. ശ്രീമതി ലൂസി എം, വട്ടിത്താൻ വളപ്പിൽ വള്ളുവൻ കടവ്, കീഴറ പി.ഒ, ചെറുകുന്ന്, കണ്ണൂർ-670301.
2. ജില്ലാ കളക്ടർ, കണ്ണൂർ.
3. റവന്യൂ ഡിവിഷണൽ ഓഫീസർ, തളിപ്പറമ്പ്, കണ്ണൂർ.
4. വില്ലേജ് ഓഫീസർ, കണ്ണപുരം, കണ്ണൂർ.
5. കൃഷി ഓഫീസർ, കണ്ണപുരം, കണ്ണൂർ.
6. വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
7. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (ഫയൽ നം.NCA3/8/2023-AGRI)

ഉത്തരവിൻ പ്രകാരം

Signed by
Archana B P
Date: 04-10-2024 13:20:34
സെക്ഷൻ ഓഫീസർ